## യൂണിറ്റ് 26 : സ്കൂൾവിക്കി – പ്രൊജക്റ്റുകൾ – വിവരങ്ങൾ ചേർക്കൽ

| പ്രോജക്റ്റുകൾ | |
|---|---|
| തിരികെ വിദ്യാലയത്തിലേക്ക് | (?) |
| എന്റെ നാട് | (?) |
| നാടോടി വിജ്ഞാനകോശം | (?) |
| സ്കൂൾ പത്രം | (?) |
| അക്ഷരവൃക്ഷം | (?) |
| പ്രമുഖരുടെ ഓർമ്മക്കുറിപ്പുകൾ | (?) |
| എന്റെ വിദ്യാലയം | (?) |
| Say No To Drugs Campaign | (?) |




**ഇൻഫോബോക്സിനു താഴെയുള്ള പ്രൊജക്റ്റുകൾ കാണുക. ഓരോ ഇനത്തിനും നേരെയുള്ള ചോദ്യചിഹ്നത്തിൽ ക്ലിക്ക് ചെയ്ത് തുറക്കു**

ഇൻഫോബോക്സിനു താഴെയുള്ള പ്രൊജക്റ്റുകൾ എല്ലാ വിഭാഗം വിദ്യാലയങ്ങൾക്കും ലഭ്യമാണ്. ഈ പേജുകളിൽ എന്താണ് ചേർക്കേണ്ടത് എന്ന്, ഓരോ ഇനത്തിനും നേരെയുള്ള ചോദ്യചിഹ്നത്തിൽ ക്ലിക്ക് ചെയ്ത് തുറന്നാൽ കാണാം.

**തിരികെ വിദ്യാലയത്തിലേക്ക്, അക്ഷരവൃക്ഷം,** Say No To Drugs Campaign എന്നിവ ഒരു നിശ്ചിത സമയത്ത് പൂർത്തീകരിച്ചതാണ്. അതിലേക്ക് ഇനി ഉള്ളടക്കം ചേർക്കരുത്. എന്നാൽ, **എന്റെ നാട്, നാടോടി വിജ്ഞാനകോശം, സ്കൂൾ പത്രം , പ്രമുഖരുടെ ഓർമ്മക്കുറിപ്പുകൾ , എന്റെ വിദ്യാലയം** എന്നിവയിൽ ഏത് സമയത്തും വിവരങ്ങൾ ചേർക്കാം. ഈ വിഭാഗങ്ങളിൽ നിർബന്ധമായി വിവരങ്ങൾ ചേർക്കണമെന്നില്ല. വസ്തുതാപരമായതും ശ്രദ്ധേയമായതുമായ വിവരങ്ങൾ മാത്രമേ വേണ്ടതുള്ളൂ.

പരസ്യ സ്വഭാവമുള്ള വാർത്തകളും മറ്റും പ്രസിദ്ധീകരിക്കരുത്. വ്യക്തികളെ പുകഴ്ത്തുന്ന തരത്തിലുള്ളവയും രാഷ്ട്രീയപ്രവർത്തകരേയും മറ്റും മഹത്വവൽക്കരിക്കുന്ന തരത്തിലുള്ളവയുമായ കുറിപ്പുകൾ ചേർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ, ഉടൻതന്നെ മായ്ക്കപ്പെടുന്നതാണ്.

**വിവരങ്ങളൊന്നും ചേർക്കാനില്ലെങ്കിൽ പ്രൊജക്റ്റുകൾ കണ്ണിയിൽ പേജ് സൃഷ്ടിക്കരുത്.**

---

**പരിശീലനക്ലാസ്സിൽ രജിസ്റ്റർ ചെയ്യുന്നതിനും വാട്സ്ആപ്ഗ്രൂപ്പിൽ ചേരുന്നതിനും മുൻ യൂണിറ്റ് ഫയലുകൾക്കും**

**ഇവിടെ ക്ലിക്ക് ചെയ്യുക**